# എസ്.എസ്.എൽ.സി. മാതൃകാചോദ്യപേപ്പർ 2020–21

## സാമൂഹ്യശാസ്ത്രം

STD X

MAX. MARKS : 80
TIME : $2^1/_2$Hrs

**പൊതുനിർദദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

**a മുതൽ l വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം 12x1 = 12**

a) "പ്രാതിനിധ്യമില്ലാതെ നികുതിയില്ല" എന്ന മുദ്രാവാക്യം ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരുന്നത് ?
(റഷ്യൻ വിപ്ലവം, ലാറ്റിൻ അമേരിക്കൻ വിപ്ലവം, അമേരിക്കൻ സ്വാതന്ത്ര്യസമരം)

b) റഷ്യയിൽ രൂപീകരിച്ച തൊഴിലാളി സംഘടന ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?
(ചുവപ്പ്സേന, സോവിയറ്റ്, തവിട്ടുകുപ്പായക്കാർ)

c) ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആരംഭിച്ച ആദ്യ ദേശീയ സമരം ഏതായിരുന്നു ?
(ക്വിറ്റ് ഇന്ത്യാ സമരം, നിസ്സഹകരണസമരം, ചമ്പാരൻ സത്യാഗ്രഹം)

d) ഇന്ത്യൻ നാഷണൽ ആർമി (INA) സ്ഥാപിച്ചത് ?
(സുഭാഷ്ചന്ദ്രബോസ്, റാഷ്ബിഹാരി ബോസ്, മോത്തിലാൽ നെഹ്റു)

e) സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ അധ്യക്ഷൻ ആരായിരുന്നു ?
(ഡോ. രാജേന്ദ്രപ്രസാദ്, ഫസൽഅലി, പോറ്റിശ്രീരാമലു)

f) ഇന്ത്യയുടെ മാനകരേഖാംശം താഴെപറയുന്നവയിൽ ഏതാണ് ?
($68^0$E, $82^1/_2{}^0$E, $82^1/_2{}^0$W)

g) ദക്ഷിണാർദ്ധഗോളത്തിൽ ദൈർഘ്യമേറിയ പകൽ അനുഭവപ്പെടുന്ന ദിനം ?
(ജൂൺ 21, ഡിസംബർ 22, മാർച്ച് 21)

h) ഗ്രാമീണമേഖലയിൽ ഗുണപരമായ ആരോഗ്യസേവനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്ന പദ്ധതി താഴെപറയുന്നവയിൽ ഏതാണ്.
(NRHM, NUHM, ICDS)

i) 'ധാതുക്കളുടെ കലവറ' എന്ന് വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗം ഏത് ?
(ഉത്തരപർവ്വതമേഖല, ഉത്തരമഹാസമതലം, ഉപദ്വീപീയ പീഠഭൂമി)

j) താഴെപറയുന്നവയിൽ സിന്ധുനദിയുടെ പോഷകനദി അല്ലാത്തത് ?
(ഝലം, കോസി, സത്‌ലജ്)

k) ഇന്ത്യയിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ മൗണ്ട് K2 (ഗോഡ്വിൻ ഓസ്റ്റിൻ) കാണപ്പെടുന്നത് താഴെപറയുന്നവയിൽ ഏത് മലനിരകളിൽ ആണ് ?
(ലഡാക്ക്, സസ്ക്കർ, കാരക്കോറം)

1. നീളംകൂടിയ ഉപദ്വീപീയ നദി ഏത് ?
(ഗോദാവരി, നർമ്മദ, കൃഷ്ണ)

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

2. ഋതുഭേദങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളെന്തെല്ലാം ?

3. സൂര്യൻ യഥാക്രമം ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും ആയിരിക്കുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ രാത്രിയുടെയും പകലിന്റെയും ദൈർഘ്യം എപ്രകാരമായിരിക്കും. ?

4. ഗ്രീനിച്ചിൽ ഉച്ചയ്ക്ക് 1 മണി ആയിരിക്കുമ്പോൾ താഴെ നൽകിയിരിക്കുന്ന രേഖാംശങ്ങളിലെ സമയം എത്രയായിരിക്കും ?
($60^0$ E, $45^0$ W, $105^0$E)

5. മാനവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം ?

6. ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് പരിഹരിക്കപ്പെടേണ്ടതായി നിലനിൽക്കുന്ന ചില പ്രശ്നങ്ങൾ ഇനിയും ഉണ്ട്. അവ ഏതൊക്കെ ?

7. ഉത്തരപർവ്വതമേഖല എപ്രകാരമാണ് ഇന്ത്യയ്ക്ക് പ്രയോജനകരമാകുന്നത് ?

8. ഉപദ്വീപീയ പീഠഭൂമികളിൽ പലയിടങ്ങളിലും വെള്ളച്ചാട്ടങ്ങൾ കാണപ്പെടാറുണ്ട് എന്തുകൊണ്ട് ?

9. ഉപദ്വീപീയ പീഠഭൂമിയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ് പശ്ചിമഘട്ടത്തിലെ ആനമുടി. ഉപദ്വീപീയ പീഠഭൂമിയിൽ കാണപ്പെടുന്ന മറ്റ് മലനിരകൾ ഏതെല്ലാം ?

10. **താഴെ തന്നിരിക്കുന്ന A വിഭാഗത്തിന്റെ ബന്ധം തിരിച്ചറിഞ്ഞ് B വിഭാഗം പൂരിപ്പിക്കുക.**

<u>A</u>

1. ഒന്നാം എസ്റ്റേറ്റ് - പുരോഹിതർ
2. ലൂയി XVI - ഫ്രാൻസ്
3. ദ്യൂമ - റഷ്യ

<u>B</u>

1. രണ്ടാം എസ്റ്റേറ്റ് - ____________
2. നിക്കോളസ് II - ____________
3. സ്റ്റേറ്റ് ജനറൽ - ____________

11. ഫ്രഞ്ച് വിപ്ലവം എപ്രകാരമാണ് പിൽക്കാല ലോകത്തെ സ്വാധീനിച്ചത് ?

12. ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ?

13. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

14. വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റങ്ങൾക്ക് കാരണമായ വിദ്യാഭ്യാസനയം ആയിരുന്നു 1986-ൽ ഇന്ത്യയിൽ നടപ്പിലാക്കിയത്. ഈ നിയമത്തിന്റെ ഏതെങ്കിലും 3 സവിശേഷതകൾ എഴുതുക.

15. ഏതൊക്കെ രാജ്യങ്ങൾ തമ്മിലാണ് പഞ്ചശീലതത്വങ്ങളിൽ ഒപ്പ് വെച്ചത് ? ഏത് വർഷം ?

16. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രരംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം ?

17. ശ്രേണീപരമായ സംഘാടനം ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകളിൽ ഒന്നാണ്. മറ്റ് സവിശേഷതകൾ എന്തെല്ലാം ?

18. അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

19. ഇറ്റലിയിൽ നിലനിന്നിരുന്ന ഫാസിസത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു ?

20. ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിൽ നടപ്പിലാക്കിയ നികുതി സമ്പ്രദായം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ? ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

21. ഇന്ത്യയുടെ ആധുനികവൽക്കരണത്തിൽ സാമൂഹ്യപരിഷ്കർത്താവ് എന്ന നിലയിൽ രാജാറാം മോഹൻറോയിയുടെ പങ്ക് വ്യക്തമാക്കുക.

22. സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരമുള്ള സ്ഥലങ്ങളെ തമ്മിൽ ചേർത്ത് വരക്കുന്ന സാങ്കൽപ്പികരേഖകൾ അറിയപ്പെടുന്നത് ഏത് പേരിലാണ് ? ഇവയിൽ നിന്ന് ആ പ്രദേശവുമായി ബന്ധപ്പെടുത്തി എന്തെല്ലാം വിവരങ്ങൾ മനസ്സിലാക്കാം ?

23. സർക്കാരിന്റെ നികുതിയേതര വരുമാന സ്രോതസ്സുകൾ ഏതെല്ലാം ?

24. ഉപഗ്രഹവിദൂര സംവേദനം എന്നാൽ എന്ത് ? ഇതിനായി ഉപയോഗിക്കുന്ന 2 തരം കൃത്രിമ ഉപഗ്രഹങ്ങൾ ഏതെല്ലാം ?

25. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ മേന്മകൾ ഏതൊക്കെ ?

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം**

26. ബ്രിട്ടീഷുകാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ മെർക്കന്റലിസ്റ്റ് നിയമങ്ങൾ ഏതൊക്കെ ?

27. ഭരണനവീകരണം എന്നാൽ എന്ത് ? ഇതിനായി സ്വീകരിച്ച രണ്ട് ഭരണനവീകരണ പരിപാടികൾ വിശദീകരിക്കുക.

28. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി നിർമ്മാണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. ഏതൊക്കെയായിരുന്നു അവ ?

29. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ?

30. നാട്ടുരാജ്യങ്ങളുടെ സംയോജനം സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികളിൽ ഒന്നായിരുന്നു. ഈ പ്രശ്നം എപ്രകാരമാണ് ഇന്ത്യ പരിഹരിച്ചത്. വിശദമാക്കുക.

31. **പട്ടിക പൂർത്തിയാക്കുക.**

| സൂര്യന്റെ അയനം | മാസങ്ങൾ | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| ദക്ഷിണായന രേഖയിൽ നിന്ന് ഭൂമദ്ധ്യ രേഖയിലേക്ക് | c) ---------------- | ശൈത്യം | g) ---------------- |
| a) ------------------ | മാർച്ച് 21 മുതൽ ജൂൺ 21 വരെ | e) ---------------- | ഹേമന്തം |
| ഉത്തരായന രേഖയിൽ നിന്ന് ഭൂമദ്ധ്യ രേഖയിലേക്ക് | d) ---------------- | ഗ്രീഷ്മം | h) ---------------- |
| b) ------------------ | സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ | f) ---------------- | വസന്തം |

32. ചുവടെ തന്നിരിക്കുന്ന ഭൂവിവിവരങ്ങളെ തന്നിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.
കാറക്കോറം, ആരവല്ലി, പശ്ചിമഘട്ടം, കൃഷ്ണാ നദി.

33. അന്താരാഷ്ട്ര ദിനാങ്കരേഖയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം ?

34. ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാവുന്നു എന്ന് വിശദമാക്കുക.

35. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

36. 1857-ലെ മഹത്തായ വിപ്ലവത്തിന്റെ കാരണങ്ങൾ എന്തെല്ലാം ?

37. രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ എന്തെല്ലാം ?

38. പൗരബോധരൂപീകരണത്തിന് സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർവീതം**

39. ഫ്രഞ്ച് വിപ്ലവത്തെ സ്വാധീനിച്ച പ്രധാന ചിന്തകന്മാർ ആരൊക്കെ ? അവരുടെ പ്രധാന ആശയങ്ങൾ ഏതെല്ലാം ?

40. ഒന്നാംലോക മഹായുദ്ധത്തിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാം ? ഏതെങ്കിലും മൂന്ന് കാരണങ്ങൾ വിശദമാക്കുക.

41. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ എന്തെല്ലാം ?

42. ഉത്തരപർവ്വതമേഖലയുടെ പ്രധാന വിഭാഗങ്ങൾ ഏതൊക്കെ ?. വിശദമാക്കുക.


300 km
200 mi